LIBRARY ARCHIVES Kerala Legislative Assembly

അംഗീകൃത അറവുശാലകൾ

345 (5070) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകൾ എത്രയുണ്ടെന്ന് വിശദവിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ അംഗീകൃത അറവുശാലകളില്ല.

(ബി) തദ്ദേശസ്ഥാപന പരിധിയിൽ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് സർക്കാർ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഇംപാക്ട് കേരള മുഖേന കിഫ്ബി ധനസഹായത്തോടെ ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന് 100 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകയ്ക്കുള്ള പദ്ധതികൾ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(സി) അറവുശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

1996-ലെ കേരള പഞ്ചായത്ത്രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40(എ) പ്രകാരം ഉടമസ്ഥനോ കശാപ്പുശാലയുടെയോ ഇറച്ചി കടയുടെയോ ലൈസൻസിയോ കശാപ്പുകാരനോ, മൃഗങ്ങളുടെയോ പക്ഷികളുടെയോ അവശിഷ്ടങ്ങൾ, മാംസം എന്നിവ നിക്ഷേപിക്കാനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും, രീതിയിലുമല്ലാതെ മറ്റൊരിടത്തും നിക്ഷേപിക്കാനോ, കഴിച്ചുമൂടാനോ, ഒഴുക്കി വിടാനോ പാടില്ലാത്തതും അപ്രകാരം അനുവദിക്കാനോ കാരണക്കാരാകാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതിനുപുറമെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അറവുശാലകൾക്ക് അനുമതി നൽകുന്നത്. കൂടാതെ ഇംപാക്ട് കേരള മുഖേന നടപ്പിലാക്കുന്ന ആധുനിക അറവുശാല പദ്ധതിയിൽ അറവു ശാലകളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും Rendering Plant/Effluent Treatment Plant/Biogas Plant/Bio-filter മുതലായ ക്രമീകരണങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.